**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4738** **20-07-2022 - ൽ മറുപടിയ്ക്ക്**

**കരാറുകാർ പൊതുമരാമത്ത് പ്രവൃത്തികളിൽ വരുത്തുന്ന കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡ്, പാലം, കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ കരാർ എടുത്ത ശേഷം അന്യായമായ കാരണങ്ങൾ ഉന്നയിച്ചും സർക്കാരിനെതിരെ കേസ് കൊടുത്തും ചില കരാറുകാർ പ്രവൃത്തി അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ കരാർ എടുത്തശേഷം അന്യായമായ കാരണങ്ങൾ ഉന്നയിച്ചും കേസ് കൊടുത്തും ചില കരാറുകാർ പ്രവൃത്തി അനിശ്ചിതമായി നീട്ടി കൊണ്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ PWD Revised Manual 2012 പ്രകാരം നടപടികൾ സ്വീകരിക്കാറുണ്ട്. യഥാർത്ഥമായ കാരണമില്ലാതെയാണ് കരാറുകാർ പ്രവൃത്തി ദീർഘിപ്പിച്ച് കൊണ്ട് പോവുന്നതെങ്കിൽ നിയമാനുസൃതം പിഴ ഈടാക്കുന്നുണ്ട്. പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടും അകാരണമായി പ്രവൃത്തി ദീർഘിപ്പിക്കുന്നവരെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി റിസ്ക് & കോസ്റ്റ് വ്യവസ്ഥയിൽ പുതിയ കരാറുകാർക്ക് പ്രവൃത്തി ഏൽപ്പിച്ചു നൽകി സർക്കാരിന് അധിക ബാധ്യത വരാത്ത വിധം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | സ്ഥിരമായി ഈ പ്രവണത അനുവർത്തിക്കുന്ന ഏതെങ്കിലും കരാറുകാരെ തിരിച്ചറിയുകയോ അവർക്കെതിരെ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | എങ്കിൽ ആരൊക്കെയാണെന്നും അവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികളും വ്യക്തമാക്കുമോ; | (സി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഏതെങ്കിലും കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പിൽ നിന്നും ശിപാർശ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അത് ആരൊക്കെയെന്നും സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ? | (ഡി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**നിരത്തുകൾ വിഭാഗം**

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | സ്വീകരിച്ച നടപടി |
|---|---|---|
| 1 | ശ്രീ.മെഹഫൂസ്. എ.ഡി | നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. ലൈസൻസ് റദ്ദ് ചെയ്ത് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2 | ശ്രീ. മുഹമ്മദ് കുഞ്ഞി | നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. ലൈസൻസ് റദ്ദ് ചെയ്തു. |
| 3 | M/s Crezin Infrastructure | നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. ലൈസൻസ് റദ്ദ് ചെയ്ത് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാൻ കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ നിന്നും ശുപാർശ ചെയ്തു. |
| 4 | Sri. Krishnakumar.K.C | നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. ലൈസൻസ് റദ്ദ് ചെയ്ത് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുവാൻ കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ നിന്നും ശുപാർശ ചെയ്തു. |
| 5 | Sri. P Mohammed Rafi | കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി. കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ റിസ്ക് & കോസ്റ്റ് സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്. |
| 6 | ശ്രീ.എം.സി ബേബി | കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 7 | ശ്രീ.ഹാരിസ്.റ്റി.എ | കരാറുകാരന്റെ ചെലവിലും, ഉത്തരവാദിത്വത്തിലും എഗ്രിമെന്റ് റദ്ദ് ചെയ്ത് പ്രവൃത്തികൾ പുന:ക്രമീകരിച്ചിട്ടുണ്ട്. കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പെർഫോമൻസ് ഗ്യാരണ്ടി എന്നിവ സർക്കാരിലേക്ക് കണ്ട് കെട്ടിയിട്ടുണ്ട്. |
| 8 | M/s . Delcon Engineering Pvt.Ltd. | |

| | | |
|---|---|---|
| 9 | ശ്രീ.കെ.പി.കുര്യാക്കോസ് | രണ്ട് കരാറുകാരുടെയും ലൈസൻസ് തരംതാഴ്ത്തി ഉത്തരവായിട്ടുണ്ട്. |
| 10 | ശ്രീ.എൻ.പി. മുഹമ്മദ് മോൻ | |
| 11 | ശ്രീ. ദീലീഷ്.സി | കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റദ്ദ് ചെയ്യുന്നതിന് കരാറുകാരന് ഫൈനൽ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 12 | S.K Construction Company | കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി റദ്ദ് ചെയ്യുന്നതിനുള്ള ശിപാർശ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , ചിറ്റൂർ - പൊതുമരാമത്ത് നിരത്തുകൾ ഉപ വിഭാഗം, നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനിയർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 13 | ശ്രീ. എം.ഡി.നൗഷാദ് | പ്രവൃത്തി കരാറുകാരന്റെ സ്വന്തം നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്ത് പ്രവൃത്തി പുനർ ദർഘാസ് ചെയ്തിട്ടുണ്ട്. |
| 14 | ശ്രീ.ബ്ലെസ്സൻ ജോർജ് | റിസ്ക് & കോസ്റ്റിൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കി കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 15 | ശ്രീ.ഡി.രത്നാകരൻ | മൂന്ന് കരാറുകാരെയും നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. ബാക്കി പ്രവൃത്തികൾ പുന:ക്രമീകരിച്ചിട്ടുണ്ട്. |
| 16 | ശ്രീ.എൽ.ആർ. ലക്ഷ്മണൻ | |
| 17 | ശ്രീ. മെഹഫൂസ് | |
| 18 | ശ്രീ. വിഷ്ണു | നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ശിപാർശ നൽകിയിട്ടുണ്ട്. |
| 19 | പി. എസ് സുനിൽ | റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി കരാറിൽ നിന്നും ഒഴിവാക്കി. |
| 20 | വസന്ത് കൺസ്ട്രക്ഷൻസ് | |
| 21 | M/s. Farzi Construction Pvt.Ltd. | |
| 22 | Sri. M.D Fayz | |
| 23 | Sri. Joseph Velupuzhakkal | |

| | | |
|---|---|---|
| 24 | Sri. Kalandersha | നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. സെക്യൂരിറ്റി തുക സർക്കാരിലേയ്ക്ക് കണ്ട് കെട്ടുകയും പ്രവൃത്തി പുന:ക്രമീകരിക്കുകയും ചെയ്തുവരുന്നു. |
| 25 | ശ്രീ. സിബി എൻ.കെ. | |
| 26 | M/s Nath Constructions. | |
| 27 | Sri. Shahul Surdaf | |

ശ്രീ. പ്രദീപ്, ശ്രീ. നൗഷാദ്, ശ്രീ.കിഷോർ, ശ്രീ.ജോസ് തോമസ്, ശ്രീ.കുര്യാക്കോസ് സജി എന്നി അഞ്ച് കരാറുകാരെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ തീരുമാനം എടുക്കുന്നതിന് മുന്നോടിയായി ടി കരാറുകാർ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളിൽ അപാകതകൾ/ ക്രമക്കേടുകൾ നിലവിലുണ്ടോ എന്ന് പരിശോധന നടത്തിവരുന്നു.

**<u>കെട്ടിടങ്ങൾ വിഭാഗം</u>**

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | സ്വീകരിച്ച നടപടി |
|---|---|---|
| 1 | ശ്രീ.എം.കെ. ജോസ് | കരിമ്പട്ടികയിൽ ഉൾപ്പെടുത്തി. |
| 2 | ശ്രീ.മുഹമ്മദ് കുഞ്ഞി.കെ | കരിമ്പട്ടികയിൽ ഉൾപ്പെടുത്തി. |

സെക്ഷൻ ഓഫീസർ